LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്തിരുന്നത് ഉഴുന്ന് (ബോൾ), ഉഴുന്ന് (പിളർന്നത്), വൻപയർ, തുവരപ്പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയാണ്. ഇവ കൂടാതെ ചെറുപയർ, വൻകടല എന്നിവ കേന്ദ്ര സ്ഥാപനമായ M/s. PEC- യിൽ നിന്നും സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന മുറയ്ക്ക് യഥാക്രമം 28 രൂപയ്ക്കും, 27 രൂപയ്ക്കും വിതരണം ചെയ്തിരുന്നു.

(ബി & സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് (പിളർന്നത്), പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടുന്നതും, കൂടുതൽ അളവിൽ ഉപയോഗിക്കുന്നതുമായ ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുക വഴി, ഈ പദ്ധതി പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കി പരിഷ്കരിച്ചു.

മുൻ സർക്കാരിന്റെ കാലത്ത് 13 ഇന സബ്സിഡി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ ഒരു വർഷമായി വില വർദ്ധിപ്പിച്ചിട്ടില്ല. മാത്രവുമല്ല പല ഇനങ്ങൾക്കും വില കുറച്ചിട്ടുമുണ്ട്.

ഹൈപ്പർ മാർക്കറ്റുകൾ

116(2750) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മികച്ച സേവനങ്ങളും ആധുനിക സൗകര്യങ്ങളും എല്ലാതരം ഉപഭോക്താക്കൾക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സപ്ലൈകോയുടെ സ്വന്തമായുള്ള സ്ഥലത്ത് ഹൈപ്പർ മാർക്കറ്റുകൾ നടത്തി വരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളി എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തെരഞ്ഞെടുക്കുവാനുള്ള സൗകര്യങ്ങളും ഇത്തരം ഹൈപ്പർ മാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ മറ്റ് പ്രാദേശിക ഉപഭോക്തൃതാൽപ്പര്യ ഉത്പന്നങ്ങളും, സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ഒരു കുടുംബത്തിന് ആവശ്യമായ പരമാവധി എല്ലാ സാധനങ്ങളും, പൊതുജനങ്ങൾ ആശ്രയിക്കുന്ന വിവിധ ബ്രാന്റുകളിലുള്ള മറ്റ് എല്ലാ ഉത്പന്നങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ചൂഷണം ഒഴിവാക്കി ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി മികച്ച സാധനങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കുന്നതിനും അതോടൊപ്പംതന്നെ ഷോപ്പിംഗ് ഒരു അനുഭവമാക്കാനും സാധിക്കുന്നു.

(സി) തലശ്ശേരി, കോട്ടയം, ഗാന്ധിനഗർ, വഴുതക്കാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പിറവം ഹൈപ്പർ മാർക്കറ്റ്-കം-സബർബൻ മാളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഹൈപ്പർമാർക്കറ്റിനുള്ള പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ

117(2752) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈകോയുടെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു; അതിൽ ഏതെങ്കിലും മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനരഹിതമായിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽസപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുകയെത്ര; സബ്സിഡി നൽകുന്നതിന് ചെലവഴിച്ച തുകയെത്ര ; വിശദമാക്കാമോ ;

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; വിശദമാക്കാമോ?